പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(2018-19)

## THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS
(2018-19)

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**

(2018-19)

**THIRD REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2018-19)**

245/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XII

(ആരോഗ്യവും കുടുംബക്ഷേമവും)

(2016-2018)

**ഘടന**

ചെയർപേഴ്സൺ :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. വി. എസ്. ശിവകുമാർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 15-2-2018-ന് യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX — കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം (2236 - പോഷകാഹാരം)

മേല്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 21.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XVIII

### വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 67,27,19,18,000 രൂപ

ചാർജ്ജ് ചെയ്തത് : 17,26,000 രൂപ

### ആരോഗ്യ വകുപ്പ്

2210-01-001-91—ആരോഗ്യ സേവന വകുപ്പിലെ ഇ-ഗവേണൻസ് (ഡി.എച്ച്.എസ്.) മാച്ചിംഗ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

1. താലൂക്ക് ആശുപത്രികളുടെ ഔട്ട് പേഷ്യന്റ് രൂപീകരണത്തിനും കമ്പ്യൂട്ടറൈസേഷനും അഞ്ഞൂറോളം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഫീൽഡ് ലെവൽ ഇ-ഹെൽത്ത് കമ്പോണൻസിനും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-13—അടിയന്തര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 1300 ലക്ഷം രൂപ (പ്ലാൻ)

2. ദേശീയ പാതയോരങ്ങളിലെ എമർജൻസി/ട്രോമകെയർ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസനം, അനുബന്ധ സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-47—ദേശീയ ഡിപ്ലോമാറ്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 150 ലക്ഷം രൂപ (പ്ലാൻ)

3. എറണാകുളം ജനറൽ ആശുപത്രിയിൽ ഡിപ്പ്.എൻ.ബി. കോഴ്സ് ആരംഭിക്കുന്നതിനായുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

245/2018.

2210-01-110-74—ഫിസിക്കൽ മെഡിസിൻ പുനരധിവാസ വിഭാഗം

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

4. ലിംഫ് ഫിറ്റിംഗ് സെന്ററുകൾക്ക് കൃത്രിമ അവയവ നിർമ്മാണത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-90—പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 2855 ലക്ഷം രൂപ (പ്ലാൻ)

5. 500 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെക്കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-90—സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രം, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 450 ലക്ഷം രൂപ (പ്ലാൻ)

6. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-49—സാംക്രമികരോഗങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ (പ്ലാൻ)

7. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ സോണൽ എന്റമോളജി യൂണിറ്റുകളുടെ ശാക്തീകരണത്തിനായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-53- പാവപ്പെട്ടവർക്കു വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 550 ലക്ഷം രൂപ (പ്ലാൻ)

8. നിലവിൽ 50000 രൂപവരെ സഹായധനം നൽകിവരികയും കൂടുതൽ അസുഖങ്ങളും സ്ഥാപനങ്ങളും സഹായത്തിനായി ഉൾപ്പെടുത്തിയിട്ടുമുള്ള സാഹചര്യത്തിൽ പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-92—നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മരോഗനിർണയ പദ്ധതി

ബഡ്ജറ്റ് വിഹിതം : 330 ലക്ഷം രൂപ (പ്ലാൻ)

9. നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മരോഗനിർണയ പദ്ധതി കൂടുതൽ പ്രസവാശുപത്രികളിൽ വ്യാപിപ്പിക്കുന്നതിനായുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-99—പൊതുജനാരോഗ്യ പരീക്ഷണ ശാലകൾ

ബഡ്ജറ്റ് വിഹിതം : 300 ലക്ഷം രൂപ (പ്ലാൻ)

10. പത്തനംതിട്ട, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പുതുതായി ആരംഭിച്ച പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-001-98—ജില്ലാ മെഡിക്കൽ ആഫീസുകൾ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

| | | |
|---|---|---|
| 04-1—യാത്രാബത്ത | - | 2.1 ലക്ഷം രൂപ |
| 34-3—മറ്റിനം | - | 3.73 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | - | 1.02 ലക്ഷം രൂപ |

11. ജില്ലാ മെഡിക്കൽ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, ദൈനംദിന പ്രവർത്തനങ്ങൾ, വാഹനങ്ങളുടെ ഇന്ധനചെലവ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2210-01-001-98-04-1 എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-01-001-98-34-3 എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-01-001-78-45 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-001-99 -45—ആരോഗ്യ സേവന ഡയറക്ടറുടെ കാര്യാലയം - പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 1.23 ലക്ഷം രൂപ (നോൺ പ്ലാൻ)

12. ആരോഗ്യ സേവന ഡയറക്ടറുടെ കാര്യാലയത്തിലെ വാഹനങ്ങളുടെ ഇന്ധന ചെലവിനായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-83—<u>മാനസിക ആരോഗ്യകേന്ദ്രം, കോഴിക്കോട്</u>

ബഡ്ജറ്റ് വിഹിതം :

05-1—വെള്ളക്കരം - 157.5 ലക്ഷം രൂപ (നോൺ പ്ലാൻ)

05-2—വൈദ്യുതിചെലവ് - 22.05 ലക്ഷം രൂപ (നോൺ പ്ലാൻ)

13. ആശുപത്രിയുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവുംമൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിൽ വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും അടയ്ക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>2210-01-110-83-05-1 എന്ന ശീർഷകത്തിൽ 342 ലക്ഷം രൂപയും 2210-01-110-83-05-2 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-01-110-84—<u>മാനസിക ആരോഗ്യകേന്ദ്രം, തൃശ്ശൂർ</u>

ബഡ്ജറ്റ് വിഹിതം :

05-1—വെള്ളക്കരം - 1.73 ലക്ഷം രൂപ (നോൺ പ്ലാൻ)

24—സാധനസാമഗ്രികൾ - 97.6 ലക്ഷം രൂപ (നോൺ പ്ലാൻ)

14. ആശുപത്രിയുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവുംമൂലം കൂടുതൽ അളവിൽ വെള്ളം ഉപയോഗിക്കേണ്ടിവരുന്നതിനാൽ വർദ്ധിച്ച നിരക്കിലുള്ള വെള്ളത്തിന്റെ ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും അടയ്ക്കുന്നതിനും സാധന സാമഗ്രികളുടെ ചെലവിനത്തിലും നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>2210-01-110-84-05-1 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും 2210-01-110-84-24 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-01-110-85-05-1—<u>മാനസിക ആരോഗ്യകേന്ദ്രം, തിരുവനന്തപുരം- വെള്ളക്കരം</u>

ബഡ്ജറ്റ് വിഹിതം : 37.80 ലക്ഷം രൂപ (നോൺ പ്ലാൻ)

15. തിരുവനന്തപുരം മാനസിക ആരോഗ്യകേന്ദ്രത്തിലെ വെള്ളത്തിന്റെ ചാർജ്ജിനത്തിൽ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-01-110-99- 06—ആശുപത്രികളിലും ഡിസ്പെൻസറികളും - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 10,000 രൂപ (നോൺ പ്ലാൻ)

2210-01-110-99-05-2—വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : 59.97 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-01-110-99-34-2—വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 550.49 ലക്ഷം രൂപ (നോൺ പ്ലാൻ)

16. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും വാടക, കരം, നികുതി എന്നീ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-99-06 എന്ന ശീർഷകത്തിൽ 8.5 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപയും 2210-01-110-99-34-2 എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-196-50—റവന്യൂ ചെലവിലേക്കുള്ള ബ്ളോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 94.50 ലക്ഷം രൂപ (നോൺ പ്ലാൻ)

17. റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ് ഇനത്തിൽ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 137.76 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-99- പ്രാഥമിക ആരോഗ്യകേന്ദ്രം

ബഡ്ജറ്റ് വിഹിതം : 43678.65 ലക്ഷം രൂപ (നോൺ പ്ലാൻ)

18. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിലൂടെ നിയമിച്ച ജീവനക്കാരുടെ ശമ്പളയിനചെലവുകൾക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 493.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ ആശുപത്രികൾ ഒഴികെ

ബഡ്ജറ്റ് വിഹിതം :

05-2—വൈദ്യുത ചെലവ്-8.25 ലക്ഷം രൂപ (നോൺ പ്ലാൻ)

34-2-വൈദ്യുതി ചെലവ്—1.05 ലക്ഷം രൂപ (നോൺ പ്ലാൻ)

19. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതി ചെലവുകൾക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-03-110-99-05-2 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും 2210-03-110-99-34-2 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-74—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം

ബഡ്ജറ്റ് വിഹിതം :

05-1—വെള്ളക്കരം-1.89 ലക്ഷം രൂപ (നോൺ പ്ലാൻ)

05-2—വൈദ്യുത ചെലവ് -13.65 ലക്ഷം രൂപ (നോൺ പ്ലാൻ)

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും -105 ലക്ഷം രൂപ (നോൺ പ്ലാൻ)

20. ആശുപത്രികളുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവുംമൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും നേഴ്സുമാർക്കും ട്രെയിനി അസിസ്റ്റന്റുമാർക്കും സ്കോളർഷിപ്പും സ്റ്റൈപ്പെന്റും നൽകുന്നതിനും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-05-105-74-05-1 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 2210-05-105-74-05-2 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും 2210-05-105-74-12 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-94-12—കൊല്ലത്തുള്ള ശാസ്താംകോട്ടയിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു നഴ്സിംഗ് സ്കൂൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

ബഡ്ജറ്റ് വിഹിതം : 6 ലക്ഷം രൂപ (നോൺ പ്ലാൻ)

21. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും നൽകുന്നതിനുള്ള ചെലവിനത്തിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-97-05-4—വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 73,000 രൂപ (നോൺ പ്ലാൻ)

22. വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലന ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-24—എയ്ഡ്സ് ബാധിച്ച് മരണപ്പെട്ടവരുടെ ഭാര്യ/ഭർത്താവിന് പ്രതിമാസ ധനസഹായവും യാത്രാപ്പടിയും

ബഡ്ജറ്റ് വിഹിതം : 231 ലക്ഷം രൂപ (നോൺ പ്ലാൻ)

23. അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ എയ്ഡ്സ് ബാധിച്ച് മരണപ്പെട്ടവരുടെ ഭാര്യ/ഭർത്താവിന് പ്രതിമാസ ധനസഹായവും യാത്രാപ്പടിയും നൽകുന്നതിനുള്ള ഇനത്തിൽ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1596 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-68—അയോഡിൻ അപര്യാപ്തരോഗങ്ങളുടെ നിയന്ത്രണത്തിനുള്ള ദേശീയ പരിപാടി (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

24. അയോഡിൻ അപര്യാപ്തരോഗങ്ങളുടെ നിയന്ത്രണത്തിനുള്ള ദേശീയ പരിപാടിയുടെ നടത്തിപ്പിനായുള്ള ശമ്പളയിനത്തിൽ നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 43 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-99-05-2—പൊതുജനാരോഗ്യ പരീക്ഷണശാലകൾ - വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : 15 ലക്ഷം രൂപ (നോൺ പ്ലാൻ)

25. പൊതുജനാരോഗ്യ പരീക്ഷണശാലകളിലെ വൈദ്യുതി ചെലവിനത്തിൽ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

26. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം ഡെന്റൽ കോളേജ് എന്നിവിടങ്ങളിലെ വെള്ളത്തിന്റെയും വൈദ്യുതിയുടെയും ചെലവിനത്തിലും കുടിശ്ശിക തുകയിനത്തിലും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെ ചേർത്തിട്ടുള്ള ശീർഷകങ്ങൾക്കായി ആകെ 8700 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

വെള്ളക്കരം—(നോൺ പ്ലാൻ)

2210-05-105-98-05-1—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

- 2900 ലക്ഷം രൂപ

2210-05-105-97-05-1—അലോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്

- 1000 ലക്ഷം രൂപ

2210-05-105-96-05-1—അലോപ്പതി മെഡിക്കൽ കോളേജ്, കോട്ടയം

- 3673 ലക്ഷം രൂപ

2210-05-105-94-05-1— അലോപ്പതി മെഡിക്കൽ കോളേജ്, തൃശ്ശൂർ

- 110 ലക്ഷം രൂപ

2210-05-105-92-05-1—ദന്തൽ കോളേജ്, തിരുവനന്തപുരം

- 17 ലക്ഷം രൂപ

വൈദ്യുത ചെലവ് (നോൺ പ്ലാൻ)

2210-05-105-98-05-2—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

- 50 ലക്ഷം രൂപ

2210-05-105-97-05-2—അലോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്

- 400 ലക്ഷം രൂപ

2210-05-105-49-05-2—മെഡിക്കൽ കോളേജ്, പൈനാവ്, ഇടുക്കി

- 50 ലക്ഷം രൂപ

2210-01-110-95-05-2—അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ

- 300 ലക്ഷം രൂപ

2210-01-110-94-05-2—അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ

- 200 ലക്ഷം രൂപ

## ഭക്ഷ്യസുരക്ഷാ വകുപ്പ്

2210-06-102-99—ഭക്ഷ്യകാര്യഭരണം

ബഡ്ജറ്റ് വിഹിതം : 490 ലക്ഷം രൂപ (പ്ലാൻ)

27. 2018-19 സാമ്പത്തികവർഷത്തിൽ ആരംഭിക്കുന്ന, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധതരം ഭക്ഷ്യശാലകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തുക, വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്നവർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ ഗുണനിലവാരമാനദണ്ഡങ്ങൾ ഏർപ്പെടുത്തുക എന്നീ പുതിയ പദ്ധതികൾക്കായും കൂടാതെ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് GEM PORTAL വഴി വാഹനങ്ങൾ വാങ്ങുന്നതിനുമായി നടപ്പു സാമ്പത്തികവർഷം ബജറ്റിൽ വിഹിതമില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-04-1—ഭക്ഷ്യകാര്യഭരണം-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 21 ലക്ഷം രൂപ (നോൺ പ്ലാൻ)

28. ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, സംസ്ഥാനതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രാബത്ത ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99—ഭക്ഷ്യകാര്യ ഭരണം-05-ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2—വൈദ്യുത ചെലവ് - 4.3 ലക്ഷം രൂപ

3—ടെലഫോൺ ചെലവ് - 90,000 രൂപ

29. ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ 104 സർക്കിൾ ഓഫീസുകൾ പ്രവർത്തനമാരംഭിക്കുന്നതിനാൽ വൈദ്യുത, ടെലഫോൺ ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2210-06-102-99-05-2 എന്ന ശീർഷകത്തിലും 2210-06-102-99-05-3 എന്ന ശീർഷകത്തിലും 7 ലക്ഷം രൂപ വീതം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99—ഭക്ഷ്യകാര്യഭരണം-06-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

30. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള 80 -ൽ അധികം ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർമാരുടെ ഓഫീസുകൾ എന്നിവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് വാടക നൽകുന്ന ഇനത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99—ഭക്ഷ്യകാര്യഭരണം-21-1-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

31. ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഉദ്യോഗസ്ഥർക്ക് സഞ്ചരിക്കുവാനായി വാഹനങ്ങൾ വാങ്ങുന്നതിന് നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം :

05-2—വൈദ്യുത ചെലവ് - 14 ലക്ഷം രൂപ (നോൺ പ്ലാൻ)

05-3—ടെലഫോൺ ചെലവ് - 40,000 രൂപ (നോൺ പ്ലാൻ)

32. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലാ ലാബുകളിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ ഭാഗമായി അതിനൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ വൈദ്യുതി ഉപഭോഗവും ഇൻറർനെറ്റ് ഉപയോഗവും പതിൻമടങ്ങ് വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2210-06-107-98-05-2 എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-06-107-98-05-3 എന്ന ശീർഷകത്തിൽ 75,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

2210-80-190-99-36—സഹായധനം (ശമ്പളേതരം)

ബഡ്ജറ്റ് വിഹിതം : 36000 ലക്ഷം രൂപ (നോൺ പ്ലാൻ)

33. സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള അളവിൽ യഥാസമയം ജീവൻ രക്ഷാമരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ, കോർപ്പറേഷന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 52440 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ ഹെൽത്ത് മിഷൻ

2210-06-101-19—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

ബഡ്ജറ്റ് വിഹിതം : 53750 ലക്ഷം രൂപ (പ്ലാൻ)

കേന്ദ്രവിഹിതം - 32250 ലക്ഷം രൂപ

സംസ്ഥാനവിഹിതം - 21500 ലക്ഷം രൂപ

34. 2018-19 സാമ്പത്തികവർഷം 800 കോടി രൂപയുടെ N.H.M. പദ്ധതി ആവിഷ്കരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനവിഹിതം ഉൾപ്പെടെ 53750 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് വിഹിതം : 3100 ലക്ഷം രൂപ (നോൺ പ്ലാൻ)

35. ആശാവർക്കർമാർക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 3320.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2450 ലക്ഷം രൂപ ( പ്ലാൻ)

36. അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ അദ്ധ്യാപക വിദ്യാർത്ഥി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സജ്ജമാക്കുന്നതിനായുള്ള എല്ലാ പദ്ധതികളുടെയും പൂർത്തീകരണത്തിന് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 550 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ-31-സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ (നോൺ പ്ലാൻ)

37. മെഡിക്കൽ സർവ്വകലാശാലയിൽ പി.എസ്.സി. മുഖാന്തിരം നിയമിതരായ അസിസ്റ്റന്റുമാരുടെ ശമ്പളഇനത്തിൽ ഈ സാമ്പത്തികവർഷം പര്യാപ്തമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### റീജിയണൽ ക്യാൻസർ സെന്റർ

2210-05-105-52-31—പ്രാദേശിക അർബുദചികിത്സാകേന്ദ്രം-സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 3727.86 ലക്ഷം രൂപ (നോൺ പ്ലാൻ)

38. ആർ.സി.സി.-യിലെ ജീവനക്കാർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3660 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മലബാർ ക്യാൻസർ സെന്റർ

2210-05-200-96—മലബാർ ക്യാൻസർ സെന്ററിനു സഹായം

31-സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 596.44 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-200-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 2500 ലക്ഷം രൂപ (പ്ലാൻ)

2210-05-200-96-36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1350 ലക്ഷം രൂപ (പ്ലാൻ)

505.12 ലക്ഷം രൂപ (നോൺ പ്ലാൻ)

39. മലബാർ ക്യാൻസർ സെന്ററിന് ക്ലിനിക്കൽ ലബോറട്ടറി സർവ്വീസിൽ അഡ്വാൻസ്ഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസിയേറ്റഡ് സംവിധാനം, ടിഷ്യു ബാങ്ക് ബയോ ബാങ്കിംഗ് സംവിധാനം, ബ്രാക്കി തെറാപ്പി ട്രീറ്റ്മെന്റ് സംവിധാനം, എന്നിവ വിപുലീകരിക്കുന്നതിനും ന്യൂക്ലിയർ മെഡിസിൻ വിഭാഗം, സർജിക്കൽ ഓങ്കോളജി വിഭാഗം എന്നിവ ശാക്തീകരിക്കുന്നതിനും സ്റ്റുഡൻസ് ആന്റ് നഴ്സസ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയ വികസന പദ്ധതികൾക്കുമായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ, മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് 2565 ലക്ഷം രൂപ പദ്ധതിയിനത്തിലും 220.31 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-98—മരുന്നുപരിശോധനശാല

19-യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം : 160 ലക്ഷം രൂപ (പ്ലാൻ)

40. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മരുന്നുപരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 287 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-98-21—മരുന്നു പരിശോധനശാല -മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : ഇല്ല ( പ്ലാൻ)

41. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് നാല് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപ്പ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്)

2210-05-200-95—മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം തുടങ്ങിയവയുള്ള പഠനകേന്ദ്രം

ബഡ്ജറ്റ് വിഹിതം : 38.17 ലക്ഷം രൂപ (നോൺ പ്ലാൻ)

42. ഇംഹാൻസിന്റെ ഡയറക്ടറുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും ശമ്പള ചെലവിനത്തിനായി 2017-18 സാമ്പത്തികവർഷവും നടപ്പുസാമ്പത്തികവർഷവും ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 49.37 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഐക്കോൺസ്

## സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (എസ്.ആർ.സി.സി.ഡി.)

2210-05-105-36—ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 243.59 ലക്ഷം രൂപ (നോൺ പ്ലാൻ)

43. വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെ സേവനത്തിനും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെ സേവനത്തിനുമായുള്ള മാനവശേഷി സമാഹരണത്തിന്റെ ചെലവിനായും നടപ്പ സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 257 ലക്ഷം രൂപ അധിക വിഹിതമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആയുഷ് വകുപ്പ്

## ഭാരതീയ ചികിത്സാ വകുപ്പ്

2210-02-101-97—മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും

04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 4.2 ലക്ഷം രൂപ (നോൺ പ്ലാൻ)

44. ആയുർവ്വേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്തയുടെ ചെലവിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50-24—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-192-50-24—മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം - സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 45.26 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-197-50-24—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 6.5 ലക്ഷം രൂപ (നോൺ പ്ലാൻ)

45. പതിനാല് ജില്ലകളിൽ ആയുർവ്വേദ സ്ഥാപനങ്ങളിലെ രോഗികൾക്ക് ഒരു രോഗിക്ക് 75 രൂപ നിരക്കിൽ ആഹാരച്ചെലവിനും ഭക്ഷണം, കഷായം എന്നിവ പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരമുള്ള തുകകൾ മേൽപറഞ്ഞ ശീർഷകങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50-24—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം-സാധന സാമഗ്രികൾ - 10 ലക്ഷം രൂപ

2210-02-192-50-24—മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം - സാധന സാമഗ്രികൾ - 160 ലക്ഷം രൂപ

2210-02-197-50-24—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം -സാധനസാമഗ്രികൾ - 15.40 ലക്ഷം രൂപ

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവ വാർഡും, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

46. തിരുവനന്തപുരം ആയുർവ്വേദകോളേജ് ആശുപത്രി, അനുബന്ധ പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ലാബ് ഉപകരണങ്ങൾ, ഡയറ്ററി സാധനങ്ങൾ, ഹോസ്പിറ്റൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായുള്ള ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും എന്നാൽ 4210-03-101-80 എന്ന പുതിയ ശീർഷകത്തിൽ 280 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തുകയൊന്നും വകയിരുത്താത്തത് ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ 4210-03-101-80 എന്ന പുതിയ ക്യാപിറ്റൽ ശീർഷകത്തിൽ അനുവദിച്ച 280 ലക്ഷം രൂപ 2210-02-101-99 എന്ന പദ്ധതി ശീർഷകത്തിലേക്ക് മാറ്റി നൽകുകയോ പദ്ധതി ശീർഷകത്തിൽ അടിയന്തരമായി 280 ലക്ഷം രൂപ അനുവദിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവ വാർഡും, തിരുവനന്തപുരം-34-3-മറ്റിനം.

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

47. തിരുവനന്തപുരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിലെ പുതിയ പേവാർഡ് ബ്ലോക്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് വേതനം നൽകുന്ന ഇനത്തിലേക്കായി നടപ്പ് സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-101-93—ഗവൺമെന്റ് ആയുർവ്വേദ കോളേജ്, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 160 ലക്ഷം രൂപ (പ്ലാൻ)

48. കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ എന്നിവയുടെ തുടർ നിർമ്മാണപ്രവർത്തികൾക്കും പുതിയ അക്കാദമിക് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും ആധുനിക സൗകര്യങ്ങളോടു കൂടിയ ഒഫ്താൽമിക് ആന്റ് ഇ.എൻ.ടി. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95—<u>ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

ബഡ്ജറ്റ് വിഹിതം : 345 ലക്ഷം രൂപ (പ്ലാൻ)

49. തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിന്റെ അടിയന്തര അറ്റകുറ്റ പണികൾ കോളേജിലെ വിവിധ വകുപ്പുകൾക്കുള്ള സാധനസാമഗ്രികൾ, ലാബ്, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 4210-03-101-81 എന്ന പുതിയ ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ <u>4210-03-101-80 എന്ന പുതിയ ശീർഷകത്തിൽ അനുവദിച്ച 100 ലക്ഷം രൂപ 2210-05-101-95 എന്ന പദ്ധതി ശീർഷകത്തിലേക്ക് മാറ്റി നൽകി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-85—<u>പഞ്ചകർമ്മ ആശുപത്രിയുടെ വികസനം</u>-05-3-ടെലഫോൺ ചെലവ്.

ബഡ്ജറ്റ് വിഹിതം : 46,000 രൂപ (നോൺ പ്ലാൻ)

50. പഞ്ചകർമ്മ ആശുപത്രിയുടെ ടെലഫോൺ ചാർജിനത്തിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-96 -24—<u>ആയുർവ്വേദ ഫാർമസി</u> - സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 92.16 ലക്ഷം രൂപ (നോൺ പ്ലാൻ).

51. ആയുർവ്വേദ ഫാർമസിക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 47.84 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-99—<u>കോളേജ് ആശുപത്രികളും പ്രസവ വാർഡും</u>, തിരുവനന്തപുരം
02-5-ദിവസവേതനം

ബഡ്ജറ്റ് വിഹിതം : 5.67 ലക്ഷം രൂപ (നോൺ പ്ലാൻ).

52. ദിവസവേതന ജീവനക്കാർക്കുള്ള ശമ്പള ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-78—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ.

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-78-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 42,000 രൂപ

2210-02-101-78-02—വേതനം - 3.3 ലക്ഷം രൂപ

2210-02-101-78-04-1—യാത്രാബത്ത - 31,000 രൂപ

53. കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രി ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, ശമ്പളം തുടങ്ങി കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-78-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 9.58 ലക്ഷം രൂപ

2210-02-101-78-02—വേതനം - 58,000 രൂപ

2210-02-101-78-04-1—യാത്രാബത്ത - 19,000 രൂപ

2210-05-101-79—ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-79-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 2.88 ലക്ഷം രൂപ

2210-05-101-79-02—വേതനം - 5.71 ലക്ഷം രൂപ.

2210-05-101-79-04-1—യാത്രാബത്ത - 70,000 രൂപ.

2210-05-101-79-05-2—വൈദ്യുത ചെലവ് - 15.75 ലക്ഷം രൂപ

54. കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വേതനം, യാത്രാബത്ത, വൈദ്യുത ചെലവുകൾ തുടങ്ങി കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-79-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 2.12 ലക്ഷം രൂപ

2210-05-101-79-02—വേതനം - 29,000 രൂപ.

2210-05-101-79-04-1—യാത്രാബത്ത - 2 ലക്ഷം രൂപ.

2210-05-101-79-05-2—വൈദ്യുത ചെലവ് - 4.25 ലക്ഷം രൂപ

2210-05-101-95—ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-95-04-4—അവധി യാത്രാനുകൂല്യം - 75,000 രൂപ.

2210-05-101-95-05-1—വെള്ളക്കരം - 5 ലക്ഷം രൂപ

2210-05-101-95-05-2—വൈദ്യുത ചെലവ് - 36.75 ലക്ഷം രൂപ

2210-05-101-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 800 ലക്ഷം രൂപ

55. തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അവധി യാത്രാനുകൂല്യം, കോളേജിന്റെ വെള്ളക്കരം, വൈദ്യുത ചെലവ് തുടങ്ങിയ കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് നൽകുന്നതിനുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-04-4—അവധി യാത്രാനുകൂല്യം - 1 ലക്ഷം രൂപ

2210-05-101-95-05-1—വെള്ളക്കരം - 10 ലക്ഷം രൂപ

2210-05-101-95-05-2—വൈദ്യുത ചെലവ് - 1 ലക്ഷം രൂപ

2210-05-101-95-12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 250 ലക്ഷം രൂപ

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ.

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-96-02-1—ശമ്പളം - 6.91 ലക്ഷം രൂപ

2210-05-101-96-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 330 ലക്ഷം രൂപ

2210-05-101-96-45—പി.ഓ.എൽ. - 33,000 രൂപ

56. തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധനചെലവ്, തുടങ്ങി കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് നൽകുന്നതിനുമായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-96-02-1—ശമ്പളം - 1.7 ലക്ഷം രൂപ

2210-05-101-96-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 84 ലക്ഷം രൂപ

2210-05-101-96-45—പി.ഒ.എൽ. - 30,000 രൂപ

## ഹോമിയോപ്പതി വകുപ്പ്

2210-02-102-74—ഹോമിയോപ്പതി വകുപ്പിൽ ആരോഗ്യ പാലനവും പ്രത്യേക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും - 34- മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 730 ലക്ഷം രൂപ (പ്ലാൻ)

57. അന്താരാഷ്ട്ര ആയുഷ് കോൺക്ലേവ് നടത്തിപ്പിനായി ഐ.ഇ.സി. ഇനത്തിൽ അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-001-95—ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങൾ

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

05-3—ടെലഫോൺ ചാർജ് - 1.6 ലക്ഷം രൂപ

05-4—മറ്റിനങ്ങൾ - 3.36 ലക്ഷം രൂപ

06—വാടക, കരം, നികുതി - 4.48 ലക്ഷം രൂപ

58. നടപ്പുസാമ്പത്തികവർഷം ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങളുടെ ടെലഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 2210-02-001-95-05-3 എന്ന ശീർഷകത്തിൽ 2.60 ലക്ഷം രൂപയും 2210-02-001-95-05-4 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 2210-02-001-95-06 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-99-04-1—ആശുപത്രികളും ഡിസ്പെൻസറികളും - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 1.5 ലക്ഷം രൂപ (നോൺ പ്ലാൻ)

59. നടപ്പുസാമ്പത്തികവർഷം ഹോമിയോ ചികിത്സാ വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

4210-03-102-98—ഹോമിയോ മെഡിക്കൽ കോളേജ്, കോളേജ് ആശുപത്രി, കോളേജ് ഹോസ്റ്റൽ കോഴിക്കോട്, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (പ്ലാൻ)

60. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിന് സ്വന്തമായി കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള ചെലവുകൾക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 150 ലക്ഷം രൂപ

2210-05-102-98-34-1—വെള്ളക്കരം - 1.5 ലക്ഷം രൂപ

2210-05-102-98-34-2—വൈദ്യുതി ചെലവ് - 7.95 ലക്ഷം രൂപ

61. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും വെള്ളക്കരം, വൈദ്യുതി ചാർജ് എന്നീ ചെലവുകൾക്കും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 45 ലക്ഷം രൂപ

2210-05-102-98-34-1—വെള്ളക്കരം - 50,000 രൂപ

2210-05-102-98-34-2—വൈദ്യുതി ചെലവ് - 1 ലക്ഷം രൂപ

2210-02-102-97—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം : 02-5 - ദിവസവേതനം - 4.25 ലക്ഷം രൂപ

12-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 110 ലക്ഷം രൂപ (നോൺ പ്ലാൻ)

62. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ദിവസവേതന ജീവനക്കാരുടെ ശമ്പളം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവ നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-97-02-5—ദിവസവേതനം - 3.16 ലക്ഷം രൂപ

2210-02-102-97-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 60 ലക്ഷം രൂപ

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം.

ബഡ്ജറ്റ് വിഹിതം : 04-2 - സ്ഥലം മാറ്റ ബത്ത- 5,000 രൂപ

05-2-വൈദ്യുതചെലവ് - 6.82 ലക്ഷം രൂപ

05-3- ടെലഫോൺ ചെലവ് - 42,000 രൂപ

63. തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ സ്ഥലംമാറ്റ ബത്ത, കോളേജിലെ വൈദ്യുത ചെലവ്, ടെലഫോൺ ചാർജ് എന്നിവ നൽകുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-98-04-2—സ്ഥലംമാറ്റ ബത്ത- 20,000 രൂപ

2210-05-102-98-05-2—വൈദ്യുത ചെലവ് - 2 ലക്ഷം രൂപ

2210-05-102-98-05-3—ടെലഫോൺ ചെലവ് - 10,000 രൂപ

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് - 94,000 രൂപ

05-3—ടെലഫോൺ ചെലവ് - 45,000 രൂപ

64. തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്, കോളേജിലെ ടെലഫോൺ ചാർജ് എന്നിവയ്ക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-99-01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് - 3 ലക്ഷം രൂപ

2210-05-102-99-05-3—ടെലഫോൺ ചെലവ് - 1 ലക്ഷം രൂപ

**ഔഷധി**

4210-04-190-98—കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ഓഹരി മൂലധന വിഹിതം

ബഡ്ജറ്റ് വിഹിതം : 325 ലക്ഷം രൂപ ( പ്ലാൻ)

65. ഔഷധിയുടെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദനം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പുതിയ ഫാക്ടറി നിർമ്മാണത്തിനും അനുബന്ധ വികസന പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ വികസന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 13525 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഹോംകോ**

2210-02-195-99—കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ക്ലിപ്തം) ക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

66. ഹോംകോയുടെ രണ്ടാംഘട്ട വികസനം, തിരുവനന്തപുരത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ ഫാക്ടറി കെട്ടിടം, ഔഷധ സസ്യത്തോട്ട വികസനം തുടങ്ങി വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3025 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIX

### കുടുംബക്ഷേമം

വോട്ട് ചെയ്തത് - 5,27,97,01,000 രൂപ

ചാർജ്ജ് ചെയ്തത് - 1,00,000 രൂപ

2211-00-800-93—ധനസഹായം (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

ബഡ്ജറ്റ് വിഹിതം : 243 ലക്ഷം രൂപ (പ്ലാൻ)

67. 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത വർഷത്തെ ധനസഹായം ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും നൽകേണ്ടിവരുന്നതിനാൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 132 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2211-00-101-95—സബ് സെന്ററുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

ബഡ്ജറ്റ് വിഹിതം : 30000 ലക്ഷം രൂപ (പ്ലാൻ)

68. സബ് സെന്ററുകളുടെ നടത്തിപ്പിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 94.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX

### ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് - 14,93,72,77,000

ചാർജ്ജ് ചെയ്തത് - ഇല്ല

2215-02-105-99—ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2215-02-105-99-04-1—യാത്രാബത്ത - 108.11 ലക്ഷം രൂപ

2215-02-105-99-24—സാധനസാമഗ്രികൾ - 15 ലക്ഷം രൂപ

2215-02-105-99-34-3—മറ്റിനം - 12 ലക്ഷം രൂപ

2215-02-105-99-45-പി.ഒ.എൽ.—17.34 ലക്ഷം രൂപ

69. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത, വാഹനങ്ങളുടെ ഇന്ധനച്ചെലവ്, സ്റ്റേഷനറി എന്നിവയും തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിയന്തര ആവശ്യങ്ങൾക്കായി മെഡിക്കൽ ഉപകരണങ്ങളും മൊബൈൽ മെഡിക്കൽ യൂണിറ്റ്സ്/ക്ലിനിക്സ് എന്നിവയുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-105-99-04-1—യാത്രാബത്ത - 10 ലക്ഷം രൂപ

2215-02-105-99-24—സാധനസാമഗ്രികൾ - 5 ലക്ഷം രൂപ

2215-02-105-99-34-3—മറ്റിനം - 3 ലക്ഷം രൂപ

2215-02-105-99-45-പി.ഒ.എൽ.—ഇന്ധനചെലവ് - 3 ലക്ഷം രൂപ

## ധനാഭ്യർത്ഥന നമ്പർ XXX

**ഭക്ഷ്യം - (2236 - പോഷകാഹാരം)**

വോട്ട് ചെയ്തത് - 18,19,63,75,000 രൂപ

ചാർജ് ചെയ്തത് - ഇല്ല

2236-02-101-99—പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടി

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2236-02-101-99-05-2—വൈദ്യുത ചെലവ് - 65,000 രൂപ

2236-02-101-99-05-3—ടെലഫോൺ ചെലവ് - 15,000 രൂപ

70. പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ എന്നീ ഇനങ്ങളിലെ മുൻവർഷത്തെ കുടിശ്ശിക ചെലവുൾപ്പെടെ നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2236-02-101-99-05-2-വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 1,00,000 രൂപയും 2236-02-101-99-05-3-ടെലഫോൺ ചാർജ് എന്ന ശീർഷകത്തിൽ 3,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 21.

245/2018.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.